സൂക്ഷ്മജീവികൾക്ക് സ്തോത്രം

ആദിത്യ ശങ്കർ

സൂക്ഷ്മജീവികൾക്ക് സ്തോത്രം

Aditya Shankar

(Malayalam and English: Poems)

© 2020, Aditya Shankar

These electronic versions are released under the provisions of Creative Commons Attribution Non-commercial No-derives Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Antonín Procházka - Girl, a painting by Ablakok (2017). The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation

JWRA 34, Jagathy, Trivandrum, India 695014

URL: www.sayahna.org

1

സൂക്ഷ്മജീവികൾക്ക് സ്തോത്രം

വലിച്ചെറിഞ്ഞ അപ്പം
പുലരുമ്പോഴേക്കും പൂപ്പിക്കും,

അതിലെ പൂക്കാത്ത മൂലയ്ക്കായി
നായയും പിച്ചക്കാരിയും
കടിപിടി കൂടുന്നത് രസിക്കും.

ഒറ്റപ്പെട്ട വീട്ടിൽ ആരോരുമറിയാതെ
മരിച്ച് കിടക്കുന്നവനെ ആഴത്തിൽ പരിചരിക്കും,

കാണാതായവരുടെ ഫോറൻസിക് ശേഷിപ്പായി
നഖമോ മുടിയോ ബാക്കി വെക്കും,

മുങ്ങി ചത്തവനെ
മൂന്നാം നാൾ ചീർത്ത്, ഉയിർപ്പിക്കും.

എന്തിനേയും പഴങ്കാലം പോലെ ചീയിക്കും.
അതിൽ വർണ്ണക്കൂണുകളും
പുകനിറമുള്ള സൂക്ഷ്മസസ്യങ്ങളും വളർത്തി
ചരമഘോഷയാത്രയാക്കും.

തിന്ന് തിന്ന്
ദുർദ്ദേവതകളേയും കൂടി തിന്നൊടുക്കി
ഭൂമിയും ആകാശവും പുതുക്കി തരേണമേ.

വെള്ളത്തെ വീഞ്ഞാക്കുന്ന
സർവ്വവ്യാപിയായ ദൈവമേ, സ്തോത്രം.

2

കാർ



32546 വയറുകൾ
ബ്രേക്കിൽ നിന്ന് ബ്രേക്ക് പാഡിലേക്കും
ക്ലച്ചിൽ നിന്ന് ക്ലച്ച് പാഡിലേക്കും
സ്റ്റിയറിംഗ് വീലിൽ നിന്ന്
വൈപ്പറിലേക്കും
ഹോണിലേക്കും
165784 പിരിയാണികളുടെ ഇടയിലൂടെ
ഓടിയത് കൊണ്ട് മാത്രം
ഒരു കാറും കാറാകുന്നില്ല.

ഹിൽസ്റ്റേഷനിലേക്കുള്ള വഴിയിലെ
ഒഴിഞ്ഞ കാട്ടുമൂലയിൽ
കാമർത്തരായ പ്രണയികൾക്കൊപ്പം
ഉയർന്ന് താണ് കുലുങ്ങുമ്പോൾ
ഒരു കാർ കാറാകുന്നു.

പുഴക്കരയിൽ വഴി തീർന്ന്
ചങ്ങാടം കാത്ത് നിൽക്കുമ്പോൾ
എലികൾ ആരും കാണാതെ
എഞ്ചിനിലേക്കുള്ള വയറുകൾ വെട്ടുമ്പോൾ
കിളികൾ ബോണറ്റിൽ കാഷ്ഠിക്കുമ്പോൾ
വഴിയോരത്തൊതുക്കിയ കാറിന്റെ
കീഴെ നായ ഉറങ്ങുമ്പോൾ,
ഋത്വിക്ക് ഘട്ടക്ക്
ജഗ്ഗാദലുമായ് പ്രണയത്തിലാവുമ്പോൾ
ഒരു കാർ കാറാകുന്നു.

3

എന്റെ മുറിയിലെ പിക്കാസോ

എന്റെ മുറിയിലെ പിക്കാസോ
ഒരു മഹാൻ.

ഞാൻ തുറക്കുന്ന കാറ്റലോഗിലെ
ഏതൊരേടിൽ നിന്നും
അയാളെക്കുറിച്ചുള്ള
ഏതൊരു ഡോക്യുമെന്ററിയിൽ നിന്നും
ഒരത്ഭുതത്തിൽ കുറഞ്ഞൊന്നും
ഞാൻ പ്രതീക്ഷിക്കുന്നില്ല.

ഈ വഴിയിൽ ഉന്തുവണ്ടിയൊതുക്കി
തുണി തേക്കുന്നവനെപ്പോലെ
ഇടയ്ക്ക് തമിഴ്പ്പാട്ട് കേൾക്കാനോ

ആളെ കാത്ത് കിടക്കുന്ന ഓട്ടോയിലിരുന്ന്
മൊബൈലിൽ സിനിമ കാണാനോ

അതേ അലമാരയിലെ
തൊട്ടപ്പുറത്തിരിക്കുന്ന നോവലിലെ
സുന്ദരിയെ കണ്ണിറുക്കി കാണിക്കാനോ
അയാൾക്കിപ്പോൾ സ്വാതന്ത്ര്യമില്ല.

കാരണം,
എന്റെ പിക്കാസോ
സദാ കലാ പ്രവർത്തനത്തിൽ
മുഴുകിയ ഒരു ബുദ്ധനാണ്.

അയാളോടുള്ള കടുത്ത ബഹുമാനത്താൽ
എന്റെ വായിൽ ഇടയ്ക്ക് കുത്തുന്ന
കൊച്ച് വർത്തമാനം പോലും
ഞാൻ പുറത്തേക്കിറങ്ങി
മറ്റുള്ളവരോട് പറയുന്നു,

എനിക്ക് പറയാനുള്ള
ചെറിയ ആശയങ്ങളുടെ ജാള്യതയാൽ
അതും മറ്റുള്ളവരോട് പറയുന്നു.

ഒരേ ജയിലിലെ
പൊരുത്തപ്പെട്ട് പോകാനാകാത്ത
തടവുകാരെ പോലെ,
ഞാനും പിക്കാസോയും അയാളുടെ മഹത്വവും.

4

The Behavioural Science of Everyday Objects

The chair holds

the story of Cinema Paradiso,
a seat for the history of cinema

the lovers, clutching the stile as if the
last straw on earth, before an orgasmic flood

the burning ass
above the flame of corporate deadline

the writer staring at the blank screen,
(a man in debt, out of excuses)

the security guard at the hour of sleep,
rocking to an invisible thread of poverty

the king on one side
and a thousand citizens on the other

the political leader on air,
suavely defending student killing

the sinner
at the sacrament of confession

the uneasiness of a rare visitor
at the old age home

the visa applicant
at the embassy table

the job applicant
at the interview table

the convict
at the interrogation table.

the ghost of a tree stump, where you
read your childhood comics

the Rockaby seat of Samuel Beckett
that oscillates between life and death

the throne of a superstar at the salon
for, say, a Robert Downey Jr. cut

the lonely man returning home
from his wife's funeral.

The chair reminds the bare torso of
a slave stooping for his master,

the way fragile clouds bank
on the stillness of lakes to look weighty

trees engage in a seated protest, their
green placards drowning in concrete,

their dead leaves settle on the earth,
a gigantic coffin.

5

The Turning Radius of Flowers

A man who loved
to paint flowers,
dreamt of wheels.
He didn't know why.

The dreams of flowers
must have been
about wheels,
about how to rewrite
in bold black that
colour is not an invitation,

that fragrance
is a construct of
the lover's nose,
that a garden is
a pleasing lie.

In the flower's dream,
the buzzing of
pleasure seeking bees
makes way for
dumping-ground-committees
of vultures.

The true stink of life,
like burnt vulcanised tyres
in those garbage dumps.

The vultures resemble
young Karl Marx and co.
addressing the
downtrodden rats,
the wilted frogs,
listening out the near swat
experience of flies, mosquito
tales on bloodless cities.

Along the food chains
that humans locked out
for lack of profit,
the vultures sit on a huge
mountain of waste,
the new God.

The flowers, wilted
and meaningless,
wakes up from their dream.

6

Cloth is a Fascist State



That buries the distinct voices of the breast
chest and torso, maps speech

to the imperial unicode. It fights the head,
a democratic setup free of robes,

offers a feathered hat to cave in. Look closely
—the zipper is a sutured mouth

that wishes to speak. The pubes are on the run
for cover from patrol lights.

A lonely sparrow wishes to hoot from the
depths of the bodies' valley.

Speech of skin & bones, relegated to the private
—muted, shamed. The robe cuts to size

a smile and a sob, stifles the rising protest.
Body, the subaltern of being.

Aditya Shankar

Aditya Shankar is a bilingual poet who has been writing and publishing poetry in English and Malayalam since 2002. His poems have appeared in journals from twenty-five or more nations and translated into Arabic and Malayalam. His poetry collections include After Seeing (2006), Party Poopers (2014), and XXL (2018). He edited Tiny Judges Shall Arrive (AHRC, Hong Kong), a selection of KG Sankara Pillai's poems translated into English. A Postcard to Voice (Forthcoming, Dhauli Books) is an anthology of his translation project, Malayalam Poetry in Translation, that was published in Modern Literature. His short films have participated in International Film Festivals. He lives in Bangalore, India.

Illustrations: V. Mohanan

പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണു് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളതു്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നതു്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണു് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നതു്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണു്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണു് ഇവയിൽ ഏറ്റവും മുന്തിയതു്. അതുകൊണ്ടു് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണു്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണു്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണു്. അവ സായാഹ്നപ്രവർത്തകർക്കു് കൂടുതൽ ഉത്തേജനം നൽകുന്നതാണു്.